LIBRARY ARCHIVES Kerala Legislative Assembly

ചാലക്കുടി മണ്ഡലത്തിൽ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനും കുവ്വക്കാട്ടുകുന്നിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനും നടപടി

215 (2770) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പോട്ട-കാഞ്ഞിരപ്പിള്ളി റോഡിലെയും, താണിപ്പാറ ഗ്രൗണ്ട് ലെവൽ ടാങ്ക് റോഡിലെയും, വി.ആർ.പുരത്തേയും വാട്ടർ അതോറിറ്റി വക കേടുവന്ന എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മേലൂർ-കൊരട്ടി വാട്ടർ സപ്ലൈ സ്കീമിലെ കുവ്വക്കാട്ടുകുന്നിൽ വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പോട്ട-കാഞ്ഞിരപ്പിള്ളി റോഡിലെയും താണിപ്പാറ ഗ്രൗണ്ട് ലെവൽ ടാങ്ക് റോഡിലെയും വി.ആർ. പുരത്തേയും താണിപ്പാറ ഭൂതല ടാങ്ക് റോഡിലെയും കേരള വാട്ടർ അതോറിറ്റി വക കേടുവന്ന എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിക്കുന്നതാണ്. വി.ആർ. പുരം ഉറുമ്പൻകുന്ന് റോഡിലെ ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

കടിവെള്ള പദ്ധതികളുടെ പൂർത്തീകരണം

216 (2771) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ പുതിയ കുടിവെള്ള പദ്ധതികളാണ് പണി പൂർത്തീകരിക്കാനുള്ളത് ;

(ബി) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(സി) ഓരോന്നും പ്രവർത്തനക്ഷമമാക്കുമ്പോൾ എത്ര കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് വിവിധ വിഭാഗങ്ങളിലായി 273 കുടിവെള്ള പദ്ധതികളുടെ പണികളാണ് പൂർത്തീകരിക്കാനുള്ളത്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 273 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതോടുകൂടി ഏകദേശം 95 ലക്ഷം ജനങ്ങൾക്ക് അധികമായി കുടിവെള്ളം ലഭ്യമാകുന്നതാണ്.

ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

217 (2772) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവർത്തന പുരോഗതിയിലുള്ള ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ ഏതെല്ലാം ; ഓരോന്നിന്റെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഒറ്റപ്പാലം നഗര ശുദ്ധജലവിതരണ പദ്ധതിക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് ; പ്രസ്തുത പദ്ധതിയിൽ എത്രത്തോളം നിർമ്മാണ പുരോഗതി ഉണ്ട് ; വിശദാംശം നൽകാമോ ;

(സി) 1-7-2011 മുതൽ 31-10-2014 വരെ SPAN പ്രകാരമുള്ള ഏതെല്ലാം ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കി ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ)

ക്രമ നമ്പർ	പദ്ധതി	അടങ്കൽ തുക/ഭരണാനുമതി തുക
(1)	(2)	(3)
1	നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന കരിമ്പുഴ ശുദ്ധ ജലവിതരണ പദ്ധതി	1267.93 ലക്ഷം രൂപ
2	നബാർഡ് ധനസഹായത്തോടെ ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി	3124.11 ലക്ഷം